# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8374 25/07/2012-ൽ മറുപടിക്ക്

## ആദിവാസികൾക്കായി റബ്ബർ കൃഷി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, പി. സി. വിഷ്ണുനാഥ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ആദിവാസികൾക്കുള്ള റബ്ബർ കൃഷി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; ഈ പദ്ധതിക്ക് അംഗീകാരം നൽകി യിട്ടുണ്ടോ; | എ | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുക, തൊഴിൽ ഉറപ്പാക്കി സ്ഥിരവരുമാനം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ പട്ടികവർഗ്ഗ മേഖലയിൽ 1988 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് റബർ ബോർഡുമായി ചേർന്ന് റബർ കൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്. 1995-96 മുതൽ റബർ ബോർഡും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്ത ആഭിമുഖ്യത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ "ആൾ കേരള ട്രൈബൽ ഡവലപ്മെന്റ് റബർ പ്ലാന്റേഷൻ പ്രോജക്റ്റ്" എന്ന പേരിൽ ടി പദ്ധതി സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നു. ഒന്നാം ഘട്ടമായി 1217.91 ഹെക്ടറിലും, രണ്ടാം ഘട്ടമായി 380.09 ഹെക്ടറിലും ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| ബി | ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | ബി | പട്ടികവർഗ്ഗ വികസന വകുപ്പ് റബർ ബോർഡുമായി ചേർന്നാണ് ടി പദ്ധതി നടപ്പാക്കുന്നത്. |
| സി | എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | സി | സംസ്ഥാനത്ത് റബർ കൃഷിക്ക് അനുയോജ്യമായ എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ഊരുകൂട്ട തീരുമാനപ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ടി പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ